മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ആശ്രയ പദ്ധതി പ്രാവർത്തികമാക്കുന്ന മുറയ്ക്ക് ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്. 17-12-2004-ലെ സ.ഉ. (എം. എസ്.) നം. 101/04/ സാക്ഷേവ. പ്രകാരം പദ്ധതിയുടെ നിർവഹണ ചട്ടങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. എം. എൽ. എ. അദ്ധ്യക്ഷനായുള്ള നിയോജക മണ്ഡലം കമ്മിറ്റി രൂപീകരിച്ച് ധനസഹായത്തിന് അർഹരായവരെ തെരഞ്ഞെടുക്കണമെന്നാണ് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നത്. പദ്ധതി നിർവ്വഹണത്തെക്കുറിച്ച് 16-4-2005-ന് സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി നടത്തിയ അവലോകനത്തിൽ പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കുന്ന ഒരു പദ്ധതി എന്ന നിലയിൽ പഞ്ചായത്തുതല നിർവ്വഹണ കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്നും പ്രസ്തുത കമ്മിറ്റിയിൽ എം. എൽ. എ.-യെ ഉൾപ്പെടുത്തേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള നിർവ്വഹണ മാർഗ്ഗരേഖ പരിഷ്കരിച്ചു മാത്രമേ പദ്ധതി സുഗമമായി പ്രാവർത്തികമാക്കുവാൻ കഴിയുകയുള്ളൂ എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നിർവ്വഹണ ചട്ടങ്ങൾ തയ്യാറാക്കുന്നതിന് കുടുംബശ്രീയെ പ്രസ്തുത യോഗം ചുമതലപ്പെടുത്തുകയുണ്ടായി. 30-6-2005-ന് സാമൂഹ്യക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥരും കുടുംബശ്രീ പ്രതിനിധികളുടെയും ഒരു ഉന്നതതല വർക്ക് ഷോപ്പിൽവച്ച് സുഗമമായ പദ്ധതി നിർവ്വഹണത്തിനനുസൃതമായ തരത്തിൽ നിർവ്വഹണചട്ടങ്ങൾക്ക് ഭേദഗതികൾ തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ നിർവ്വഹണചട്ടങ്ങൾ രൂപീകരിച്ച് കഴിഞ്ഞാലുടൻ സംസ്ഥാനത്ത് പദ്ധതി പ്രാവർത്തികമാക്കുവാൻ കഴിയുന്നതാണ്. ഈ പദ്ധതിയിലേക്ക് 65 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ പേരിലുള്ള ടി. എസ്. ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ മുഖാന്തിരമാണ് ഗുണഭോക്താക്കൾക്കുള്ള ധനസഹായം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുന്നത്. ഇതിലേക്ക് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരുടെ പേരിൽ പലിശരഹിത ടി. എസ്. ബി. അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസുകൾ നവീകരിക്കുവാൻ നടപടി

*25 [102] *ശ്രീ. തോമസ് ചാഴികാടൻ:*

" *രാജു അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലഗതാഗത വകുപ്പിൽ ഇപ്പോൾ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട് എന്ന് അറിയിക്കാമോ;

(ബി) ബോട്ട് സർവ്വീസ് ലാഭകരമായി നടത്തുവാൻ കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

GPM. 2/573/2012—8

LIBRARY ARCHIVES Kerala Legislative Assembly

(സി) ബോട്ട് സർവ്വീസ് ലാഭകരമാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പഴക്കം ചെന്ന ബോട്ടുകൾ നവീകരിക്കുന്നതിനും പുതിയവ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ)*:

(എ) 46 ബോട്ടുകൾ.

(ബി) ഇല്ല. ജലഗതാഗത വകുപ്പ് പബ്ലിക് യൂട്ടിലിറ്റി സർവ്വീസായി കണക്കാക്കിയിരിക്കുന്നു.

(സി) ഉണ്ട്. നഷ്ടം കുറയ്ക്കാനായി നിലവിലുള്ള ബോട്ട് സർവ്വീസുകൾക്ക് പുറമേ ടൂറിസം സർവ്വീസ് ആരംഭിക്കുകയും അടിക്കടി അറ്റകുറ്റപ്പണികൾ വരുന്ന തടിബോട്ടുകൾ മാറ്റി പകരം സ്റ്റീൽ/ ഫൈബർ ബോട്ടുകൾ സർവ്വീസിനിറക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) അനുമതി ലഭിച്ച 50 ബോട്ടുകളിൽ 12 സ്റ്റീൽ ബോട്ടുകളും 4 ഫൈബർ ബോട്ടുകളും പഴയവയ്ക്ക് പകരം സർവ്വീസിനിറക്കിയിട്ടുണ്ട്. 6 സ്റ്റീൽ ബോട്ടുകളുടെയും 14 ഫൈബർ ബോട്ടുകളുടെയും നിർമ്മാണം നടന്നുവരുന്നു. ബാക്കിയുള്ള തടി ബോട്ടുകൾ ഘട്ടം ഘട്ടമായി മാറ്റി പുതിയവ സർവ്വീസിനിറക്കുന്നതാണ്.

വിഴിഞ്ഞം തുറമുഖനിർമ്മാണം

*26 [104] *ശ്രീ. എം. എ. വാഹീദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയുടെ സമഗ്ര വികസനത്തിനുതകുന്ന വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(ബി) ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതിന് ഇനി പ്രധാനമായും ഏതൊക്കെ കടമ്പകളാണ് കടക്കുവാനുള്ളത്;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് തുടങ്ങാനാവുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly